# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26

ഗവ. എൽ. പി. സ്

പുതുപ്പള്ളി

# ആമുഖം

1905-ൽ ആരംഭിച്ച പുതുപ്പള്ളി ഗവ. എൽ പി സ്കൂൾ എന്ന ഈ കൊച്ചുവിദ്യാലയത്തിൽ പഠിക്കുന്ന ഓരോ കുട്ടിയുടെയും ധാരണകളും നൈപുണികളും ശേഷികളും മനോഭാവങ്ങളും മൂല്യങ്ങളും വികസിപ്പിച്ച് അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുകയും ഈ വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കി മാറ്റുകയും ചെയ്യുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഭൗതികവും അക്കാദമികവുമായ മികവിലേക്ക് സാമൂഹിക പിന്തുണയോടെ കരുത്തോടെ മുന്നേറാനാണ് ഈ വിദ്യാലയം ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഇതിനുതകുന്ന പ്രവർത്തന പദ്ധതികളാണ് ഏറ്റെടുത്തു നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. വിദ്യാഭ്യാസ അവകാശ നിയമം (2009) മുന്നോട്ടുവയ്ക്കുന്ന ആശയങ്ങളിലൂന്നിയാണ് ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ നിർണ്ണയിച്ചിട്ടുള്ളത്.

* വിദ്യാഭ്യാസ അവകാശനിയമം അനുസരിച്ച് എല്ലാകുട്ടികളും തന്റെ പ്രായത്തിനനുസരിച്ച് വിദ്യാഭ്യാസം നേടണം.

* എല്ലാ കുട്ടികളെയും പാഠ്യപാഠ്യേതര പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുന്നു. തുല്യ അവസരങ്ങൾ ഉറപ്പാക്കുന്നു.

* നിർഭയമായും സ്വതന്ത്രമായും ഇടപെടാനുള്ള അവസരം ഒരുക്കുന്നു.

* തീരുമാനമെടുക്കാനും ജീവിതനൈപുണി നേടുന്നതിനും വൈകാരിക വളർച്ച നേടാനും കുട്ടികളെ പ്രാപ്തരാക്കുന്നു.

* ലഹരി വിമുക്തമായ ഒരു സ്കൂൾ അന്തരീക്ഷം ഉറപ്പാക്കുന്നു

* സുരക്ഷിതത്വം ഉറപ്പാക്കുന്നു

* കുട്ടികളുടെ അവകാശങ്ങൾ ഉറപ്പാക്കുകയും കർത്തവ്യങ്ങളെ-കുറിച്ച് ബോധവാന്മാരാക്കുകയും ചെയ്യുന്നു.

* ഭരണഘടന അനുശാസിക്കുന്ന ജനാധിപത്യ മൂല്യങ്ങൾ പാരിസ്ഥിതികാവബോധം ഇവ ഉറപ്പാക്കുന്ന തരത്തിലുള്ള പ്രവർത്തന പദ്ധതികൾ ആവിഷ്കരിക്കുന്നു.

# വിദ്യാലയ ചരിത്രം

1905-ൽ ആണ് ഗവ. എൽ.പി.എസ് പുതുപ്പള്ളി എന്ന ഈ വിദ്യാലയം സ്ഥാപിതമായത്. ഏകദേശം 150 വർഷത്തെ മഹത്തായ പാരമ്പര്യമുള്ള ഈ വിദ്യാലയം സ്ഥാപിച്ചത് ശ്രീമൂലം തിരുനാൾ മഹാരാജാവിന്റെ കാലത്താണ്. ഇന്ന് വിദ്യാലയം നിന്ന സ്ഥലത്ത് നിന്നിരുന്ന ആഞ്ഞിലി വെട്ടി മേൽക്കൂരയും മറ്റും നിർമിച്ചു. ആഞ്ഞിലി വെട്ടിയ സ്ഥലത്ത് നിർമിച്ച ഈ സ്കൂളിന് ആഞ്ഞിലിമൂട്ടിൽ സ്കൂളെന്ന പ്രാദേശിക നാമം കൂടി ഉണ്ട്. ആലപ്പുഴ ജില്ലയിലെ, മാവേലിക്കര വിദ്യാഭ്യാസ ജില്ലയിൽ, കായംകുളം ഉപജില്ലയിലെ പുതുപ്പള്ളി എന്ന സ്ഥലത്ത് സ്ഥിതി ചെയ്യുന്ന ഒരു സർക്കാർ പ്രൈമറി വിദ്യാലയമാണ് ഗവ. എൽ. പി. എസ്. പുതുപ്പള്ളി. വൃത്തിയുള്ളതും ശാന്തവുമായ സ്കൂൾ അന്തരീക്ഷം, ലൈബ്രറി സൗകര്യം, ICT സാധ്യതകൾ ഉറപ്പാക്കുന്ന ഡിജിറ്റൽ ഉപകരണങ്ങൾ, ജൈവവൈവിധ്യോദ്യാനം എന്നിങ്ങനെ കുട്ടികളുടെ അക്കാദമികവും, അക്കാദമികേതരവുമായ പ്രവർത്തനങ്ങൾക്ക് അനുയോജ്യമായ എല്ലാ സൗകര്യങ്ങളും ഈ വിദ്യാലയത്തിൽ ഒരുക്കിയിട്ടുണ്ട്. പ്രീ പ്രൈമറി മുതൽ നാലാം ക്ലാസ് വരെ പ്രവർത്തിക്കുന്ന ഈ വിദ്യാലയം വളർച്ചയുടെ പാതയിലാണ്.

# School Profile

വിദ്യാലയത്തിന്റെ പേര് : ഗവ. എൽ. പി. എസ്. പുതുപ്പള്ളി
സ്ഥാപിതം : 1905
സ്കൂൾ കോഡ് : 36409
UDISE CODE : 32110600301
പഞ്ചായത്ത് : ദേവികുളങ്ങര
വാർഡ് : 5
വില്ലേജ് : പുതുപ്പള്ളി
പോസ്റ്റ് ഓഫീസ് : പുതുപ്പള്ളി
പിൻ കോഡ് : 690527
ജില്ല : ആലപ്പുഴ
വിദ്യാഭ്യാസ ജില്ല : മാവേലിക്കര
സബ് ജില്ല : കായംകുളം
ബ്ലോക്ക് : മുതുകുളം
നിയോജക മണ്ഡലം : കായംകുളം
പ്രധാനാധ്യാപിക : ഷീബ. കെ. എസ്
SMCC : മേരിക്കുട്ടി
വാർഡ് മെമ്പർ : നിതുമോൾ രാജ്
പഞ്ചായത്ത് പ്രസിഡന്റ് : ശ്രീ. എസ്. പവനനാഥൻ
വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ : രജനി ബിജു

# മികവിന്റെ കാഴ്ചപ്പാട്

* കുട്ടികൾക്ക് പഠനത്തിനനുയോജ്യമായ ഭൗതിക സൗകര്യങ്ങൾ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെയും സമൂഹത്തിന്റേയും മറ്റ് ഏജൻസികളുടേയും സഹായത്തോടെ ലഭ്യമാക്കാൻ വേണ്ട പരിശ്രമം നടത്തിക്കൊണ്ടിരിക്കുന്നു.
* 1 മുതൽ 4 വരെയുള്ള ക്ലാസുകളിലെ കുട്ടികളുടെ സമഗ്രവികാസനം ലക്ഷ്യമാക്കി പ്രവർത്തനങ്ങളിൽ ഏർപ്പെടും വിധം അക്കാദമിക, ഭൗതിക, പാരിസ്ഥിതിക ഘടകങ്ങളെ ഏകോപിപ്പിച്ചുള്ള പ്രവർത്തനങ്ങൾ വർഷം മുഴുവൻ നടത്തുന്നു.
* പാഠ്യപദ്ധതി നിർദ്ദേശിക്കുന്ന ആശയങ്ങൾ, ശേഷികൾ, മനോഭാവങ്ങൾ, മൂല്യങ്ങൾ എന്നിവ അന്താരാഷ്ട്ര നിലവാരത്തിനൊത്ത് ആർജിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു.
* പഠനബോധനപ്രവർത്തനങ്ങൾ ആഹ്ലാദകരമാക്കുന്നതിനും അനായാസമാക്കുന്നതിനുമായി ICT സാധ്യതകൾ പരമാവധി സംജാതമാക്കുന്നു.
* ഭിന്നശേഷി സൗഹൃദ വിദ്യാലയം ഉറപ്പാക്കുന്നു.
* കുട്ടികളുടെ കലാപരവും കായികപരവുമായ മികച്ച പ്രവർത്തന പദ്ധതികൾ നടപ്പിലാക്കുന്നു.
* കലാകായികമേളകളിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കുന്നു.

# അക്കാദമികം

കുട്ടിയെ അറിയുക, പഠനശേഷി അളക്കുക എന്നീ ലക്ഷ്യങ്ങളോടെ ജൂൺ ആദ്യവാരം തന്നെ പ്രീ ടെസ്റ്റ് നടത്തുകയും ക്ലാസ് പി.റ്റി.എ വിളിച്ച് കുട്ടികളുടെ പഠനനിലവാരം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുകയും ചെയ്യുന്നു. പഠനവിടവുകളും പോരായ്മകളും കണ്ടെത്തി പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനുള്ള പഠനക്രമങ്ങളും പ്രത്യേക പദ്ധതി 'അക്ഷരകിരണം' നടപ്പിലാക്കുകയും ചെയ്തു.

ഭിന്നശേഷിക്കാരായ കുട്ടികൾക്കും പിന്നോക്കം നിൽക്കുന്നവർക്കും പ്രതിഭാശാലികളായ കുട്ടികൾക്കും പ്രത്യേക പരിശീലനങ്ങൾ നൽകുന്നു. പഠനപ്രവർത്തനങ്ങളെ സംബന്ധിച്ചുള്ള അറിയിപ്പുകളും വിശദീകരണങ്ങളും അതാതു ക്ലാസ് ഗ്രൂപ്പുകളിലൂടെ അധ്യാപകർ നൽകുന്നു. അങ്ങനെ രക്ഷിതാക്കളുടെ പിന്തുണ ഉറപ്പാക്കുന്നു. തുടക്കം മുതൽതന്നെ LSS പരിശീലനവും നൽകുന്നു.

ആഴ്ചയിൽ ഒരിക്കൽ SRG കൂടി പഠനപ്രവർത്തനങ്ങൾ വിലയിരുത്തുകയും ആസൂത്രണം ചെയ്യുകയും ചെയ്യുന്നു. സ്കൂൾ അസംബ്ലി, ദിനാചരണപ്രവർത്തനങ്ങൾ എന്നിവ കൃത്യമായി പ്ലാൻ ചെയ്ത് നടത്തുന്നു. കുട്ടികളുടെ പാഠ്യപാഠ്യേതര പ്രവർത്തനങ്ങളുടെ മികവുകൾ തെളിയിക്കുന്നതിനും പൊതുസമൂഹത്തിൽ ബോധ്യപ്പെടുത്തുന്നതിനുമായി പഠനോത്സവം, കോർണർ P.T.A ക്ലാസ്പി.റ്റി.എ എന്നിവേദികൾ പ്രയോജനപ്പെടുത്തുന്നു. ആരോഗ്യകായിക വിദ്യാഭ്യാസത്തിനായി P.T പിരിയഡ് പ്രയോജനപ്പെടുത്തുന്നു.

# പാരിസ്ഥിതികം

പരിസ്ഥിതിയുമായി ഇണങ്ങിച്ചേർന്ന് പഠിക്കുന്നതിനും ഈ വിദ്യാലയം കൂടുതൽ പ്രാധാന്യം നൽകുന്നു. ജൈവവൈവിധ്യോദ്യാനം, അടുക്കളത്തോട്ടം, എയ്റോബിക് കമ്പോസ്റ്റ് (തുമ്പോർമൊഴി) തുടങ്ങിയവയെല്ലാം പരമാവധി ഉപയോഗപ്പെടുത്തുകയും പരിസ്ഥിതിയുമായി ഇണങ്ങിജീവിക്കുന്നതിന് കുട്ടികളെ പ്രാപ്തരാക്കുകയും ചെയ്യുന്നു.

പ്ലാസ്റ്റിക് രഹിത വിദ്യാലയമായി വിദ്യാലയത്തെ പ്രഖ്യാപിക്കുകയും പരിസ്ഥിതി ക്ലബ്ബിന്റെ നേതൃത്വത്തിൽ വിദ്യാലയവും ക്ലാസ്മുറികളും പരിസരവും പ്ലാസ്റ്റിക് രഹിതമാക്കാനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും ചെയ്യുന്നു. പ്ലാസ്റ്റിക് കവറിലുള്ള മിഠായി പോലുള്ള സാധനങ്ങൾ സ്കൂളിൽ നിന്നും ഒഴിവാക്കാൻ കുട്ടികൾക്ക് നിർദ്ദേശം നൽകുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്നു. എല്ലാ വെള്ളിയാഴ്ചകളിലും ഡ്രൈഡേ ആചരിക്കുന്നു.

# സാമൂഹികം

കുട്ടികളുടെ വീട്ടുസാഹചര്യം മനസിലാക്കുന്നതിനായി എല്ലാവർഷവും പുതുവർഷത്തോടനുബന്ധിച്ച് HM ഉൾപ്പടെ എല്ലാ അധ്യാപകരും ചേർന്ന് ഈ വിദ്യാലയത്തിൽ പഠിക്കുന്ന എല്ലാ കുട്ടികളുടെയും വീട് സന്ദർശിക്കുകയും, ആശംസ അറിയിക്കുകയും സമ്മാനങ്ങൾ കൈമാറുകയും ചെയ്ത് വരുന്നു. ഓണാഘോഷം, ക്രിസ്മസ് ആഘോഷം, സ്കൂൾ വാർഷികം തുടങ്ങിയ ആഘോഷപരിപാടികളും പ്രവേശനോത്സവം, കോർണർ പി.റ്റി.എ എന്നിവയിലും സാമൂഹിക പിന്തുണ ഉറപ്പാക്കുന്നു.

# ജൂൺ 3 മുതൽ 13 വരെയുള്ള പ്രവർത്തനങ്ങൾ

STD I : ഒന്നൊരുക്കം പ്രവർത്തനങ്ങൾ

STD II മുതൽ 4 വരെ ക്ലാസുകളിലെ പ്രവർത്തനങ്ങൾ

ജൂൺ 3 : ലഹരിക്കെതിരെയുള്ള പ്രവർത്തനങ്ങൾ ബോധവൽക്കരണം, ICT ഉപയോഗിച്ച് skit

ജൂൺ 4 : റോഡ് നിയമങ്ങൾ - സ്കൂൾ യാത്രയിൽ പാലിക്കേണ്ടവ, സിഗ്നൽ, സീബ്രാ ലൈൻ തുടങ്ങിയവ പരിചയപ്പെടുത്തൽ അപകടസാധ്യതകൾ - ചർച്ച

ജൂൺ 5 : വ്യക്തി ശുചിത്വം, മാലിന്യ സംസ്കരണം, ഹരിത ക്യാമ്പസ്, സ്കൂൾ സൗന്ദര്യവൽക്കരണം, പരിസ്ഥിതി ദിന പ്രവർത്തനങ്ങൾ, ബോധവൽക്കരണ ക്ലാസ്, പോസ്റ്റർ രചന, പ്രദർശനം.

ജൂൺ 9 : ആരോഗ്യം, വ്യായാമം, കായികക്ഷമത, ആഹാരശീലം - സൂംബാ ഡാൻസ്,

ജൂൺ ~~10~~ 11 : പൊതുമുതൽ സംരക്ഷണം, കാലാവസ്ഥ മുൻകരുതൽ

ജൂൺ 13 : പൊതുവായ ക്രോഡീകരണം.

# മലയാളം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| 1 മുതൽ 4 വരെ ക്ലാസുകളിലെ എല്ലാ കുട്ടികളും നിർദിഷ്ട പഠന ലക്ഷ്യങ്ങൾ ആർജിക്കുന്നു. | ടീച്ചർ ടെക്സ്റ്റ് പാഠപുസ്തകം, വർക്ക് ബുക്ക് ഇടങ്ങിയവയിൽ നിർദ്ദേശിച്ചിരിക്കുന്നു പ്രവർത്തനങ്ങൾ | ജൂൺ മൂന്നാം വാരം മുതൽ മാർച്ച് വരെ | ക്ലാസ് അധ്യാപകർ |
| എല്ലാകുട്ടികളും മലയാളം തെറ്റുകൂടാതെ എഴുതുകയും വായിക്കുകയും ചെയ്യുന്നു. | • പ്രീടെസ്റ്റ്<br>• കുട്ടികളുടെ നിലവാരം അളക്കൽ<br>• CPTA യിൽ കുട്ടികളുടെ നിലവാരം രക്ഷിതക്കളെ ബോധ്യപ്പെടുത്തൽ<br>• പിന്നോക്കക്കാർക്ക് അധികസമയം കണ്ടെത്തിയുള്ള പ്രക്രിയ പരിശീലനം (ഉണർവ്)<br>• മുന്നോക്കക്കാർക്ക് അധികവായനാസാമഗ്രികൾ നൽകൽ.<br>• കഥ, കവിത, വിവരണം സംഭാഷണം എന്നിവ തയ്യാറാക്കൽ | ജൂൺ മുതൽ മാർച്ച് വരെ. | ക്ലാസധ്യാപകർ |
| എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുന്നു. | • വായന ദിനാചരണം<br>• ക്ലാസ് ലൈബ്രറി<br>• ലൈബ്രറിപുസ്തക-വായന<br>• പാഠപുസ്തകവായന<br>• വായനാക്കുറിപ്പ്<br>• ചോദ്യങ്ങൾ വായിച്ച് സ്വയം ഉത്തരംകണ്ടെത്തൽ. | | |

| | | | |
|---|---|---|---|
| സർഗാത്മക രചനകൾക്ക് അവസരം ഒരുക്കുന്നു. | കഥ പൂർത്തിയാക്കൽ<br>വരികൾ കൂട്ടിച്ചേർക്കൽ<br>കഥാചിത്രം വരക്കൽ<br>ആശംസാകാർഡു നിർമ്മാണം<br>കവിതയ്ക്ക് ഈണം നൽകൽ<br>കടങ്കഥാ നിർമ്മാണം<br>സംഭാഷണം എഴുതൽ<br>ഡയറിയെഴുത്ത്<br>ചിത്രരചന<br>ആത്മകഥ<br>ചിത്രം നോക്കി കഥ പറയൽ<br>യാത്രാവിവരണം | ജൂലൈ-മാർച്ച് | ക്ലാസ് അധ്യാപകർ |
| കുട്ടികളുടെ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളുടെ വേദി ഒരുക്കുന്നു. | സ്കൂൾ അസംബ്ലി<br>ദിനാചരണ പ്രവർത്തനങ്ങൾ<br>പഠനോത്സവം<br>സ്കൂൾ തല കലോത്സവം<br>കോർണർ പിടിഎ<br>ക്ലാസ് പിടിഎ | ജൂൺ - മാർച്ച് | HM<br>ക്ലാസധ്യാപകർ<br>SMC<br>MPTA |

# ഗണിതം.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല. |
|---|---|---|---|
| • ഗണിതപഠനം ഉല്ലാസപ്രദവും കൗതുകകരവും ആക്കുക. | · ഉല്ലാസ ഗണിതം പ്രവർത്തനങ്ങൾ<br>· ഗണിത വിജയം പ്രവർത്തനങ്ങൾ<br>· സംഖ്യാകേളികൾ<br>· ഗണിതപാട്ടുകൾ<br>· ഗണിതകിറ്റ്<br>· കുഞ്ഞുബുക്ക്, ഗണിതമേള | ജൂൺ- മാർച്ച് | ക്ലാസധ്യാപകർ. |
| • മുഴുവൻ കുട്ടികൾക്കും നിർദിഷ്ട ഗണിത ശേഷികൾ ഉറപ്പാക്കുക. | • ടീച്ചർ ടെക്സ്റ്റ്, പാഠപുസ്തകം, വർക്ക്ബുക്ക്, തുടങ്ങിയവയിലെ പ്രവർത്തനങ്ങൾ. | ജൂൺ- മാർച്ച് | ക്ലാസധ്യാപകർ |
| • സംഖ്യാബോധം, ചതുഷ്ക്രിയകൾ ഇവ ചെയ്യുന്നതിനുള്ള ശേഷി കൈവരിക്കുക. | • എണ്ണി എടുക്കൽ.<br>· എണ്ണി എഴുതൽ,<br>· പാറ്റേൺ നിർമാണം<br>· കൂട്ടങ്ങളാക്കൽ<br>· വരച്ചു യോജിപ്പിക്കൽ<br>· വിട്ടുപോയ സംഖ്യകൾ കണ്ടെത്തി എഴുതൽ<br>· പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ. | ജൂൺ - മാർച്ച് | ക്ലാസധ്യാപകർ |

# പരിസര പഠനം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| • കുട്ടികളിൽ ശാസ്ത്രബോധം വളർത്തുക. | • ടീച്ചർടെക്സ്റ്റ്, പാഠപുസ്തകം, വർക്ക്ബുക്ക് എന്നിവയിലെ നിർദിഷ്ട പ്രവർത്തനങ്ങൾ<br>• സ്കൂൾ ശാസ്ത്രമേള<br>ബോധവൽക്കരണ ക്ലാസുകൾ | ജൂൺ – മാർച്ച് | ക്ലാസധ്യാപകർ<br>HM |
| • സംഖ്യ·<br>• പ്രകൃതിവിഭവ സംരക്ഷണം. | • ഫീൽഡ് ട്രിപ്പ്<br>• പരിസ്ഥിതി ദിനാചരണ പ്രവർത്തനങ്ങൾ<br>• പ്രകൃതി നടത്തം<br>• ഡ്രൈഡേ ആചരണം<br>• പ്ലാസ്റ്റിക് രഹിത വിദ്യാലയം.<br>• സ്കൂൾ പച്ചക്കറിത്തോട്ടം<br>• പൂന്തോട്ട നിർമ്മാണം<br>• ഔഷധത്തോട്ടം<br>• മാലിന്യങ്ങൾ തരംതിരിച്ച് നിക്ഷേപിക്കൽ<br>• പോസ്റ്റർ നിർമ്മാണം<br>• ചർച്ചയിൽ പങ്കെടുക്കൽ | ജൂൺ – മാർച്ച് | ക്ലാസധ്യാപകർ |

| | | | |
|---|---|---|---|
| • ശാസ്ത്രപരീക്ഷണങ്ങളിൽ താല്പര്യം ജനിപ്പിക്കൽ | ലഘു പരീക്ഷണങ്ങളിൽ ഏർപ്പെടൽ അനുഭവങ്ങൾ പങ്കിടൽ, നിരീക്ഷണങ്ങൾ പങ്കുവെക്കൽ. | ജൂൺ - മാർച്ച് | ക്ലാസധ്യാപകർ |
| • നിരീക്ഷണം, അറിവു നിർമ്മാണം | പ്രകൃതി നടത്തം ലഘു പരീക്ഷണങ്ങളിൽ ഏർപ്പെടൽ നിരീക്ഷിച്ച കാര്യങ്ങൾ അപഗ്രഥിച്ച് നിഗമനത്തിലെത്തൽ നിരീക്ഷണക്കുറിപ്പ് | ജൂൺ - മാർച്ച് | ക്ലാസധ്യാപകർ. |

# ENGLISH

| Aim | Activities | Period | Duty |
|---|---|---|---|
| To ~~Speak~~ Speak, read and write English without any mistakes | Activities gives in the teacher text, Textbook ~~text~~ and workbook | June- March | Class Teachers |
| To develop listening Skills and reading Skills | Teacher talk English Assembly Newspaper reading Hello English Activities Role play, Skit, word card, Games, Sentence card, E cube English Activities picture reading ~~Readers~~ | June- March | Class Teachers |
| To develop Speaking Skills | English Assembly Role Play Interview with English Experts picture discription Conversation, Story telling, Englist fest E cube English Activities | June - March | HM Class Teacher |
| To check the Vocabulary and develop writing Skills | Making Magazines Add more lines Description Thoughts Conversations Riddles | June - March | Class Teacher |

# Arabic

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ് | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| തെറ്റ് കൂടാതെ വായിക്കുവാനുള്ള കഴിവ് ഉണ്ടാക്കുന്നു. | → അക്ഷര വായന | I-II | ജൂൺ - ജൂലൈ | അധ്യാപകർ | അധ്യാപകർ<br>PTA<br>SRG |
| | → ക്ലാസ് വായന | I-II | ജൂൺ - ഫെബ്രുവരി | | |
| | → ലൈബ്രറി വായന | III-IV | | | |
| | → ചിത്ര വായന | I-IV | | | |
| | → മാഗസിൻ വായന | II-IV | നവംബർ-ഡിസംബർ | | |
| | → വീട് വായന | I-IV | | | |
| | → കഥാ വായന | III-IV | | | |
| | → വായനാ മത്സരങ്ങൾ | II-III-IV | ജൂൺ - മാർച്ച് | | |
| | → മോണിറ്ററിംഗ് | | ജൂൺ - മാർച്ച് | | |
| | → വാക്യങ്ങൾ ഉറപ്പിക്കൽ | I-IV | ജൂൺ - മാർച്ച് | | |
| | → വ്യാകരണങ്ങൾ | III-IV | ജൂൺ - മാർച്ച് | | |
| | → ഇ - വായന | I-IV | ജൂൺ - മാർച്ച് | | |
| അറബി ഭാഷ സംസാരിക്കുന്നതിന് ആത്മവിശ്വാസം ഉണ്ടാകുന്നതിന് | → ഇ- ടെക്സ്റ്റ് ഉപയോഗിച്ച് അതിലുള്ള സംഭാഷണങ്ങൾ കേൾപ്പിക്കുന്നു. | I-IV | ജൂലൈ - മാർച്ച് | അധ്യാപകർ | അധ്യാപകർ<br>PTA |
| | → ലാംഗ്വേജ് ഗെയിംസ് | | | | |
| | → റോൾ പ്ലേ | | | | |
| | → ക്ലാസ് സംഭാഷണം | I-IV | | | |

| | | | | | |
|---|---|---|---|---|---|
| | → കാർട്ടൂൺ | I - IV | | | |
| | → പ്രദർശനം | I - IV | ആഗസ്റ്റ് - ഫെബ്രുവരി | അധ്യാപകർ | അധ്യാപകർ PTA |
| | → പദസമ്പത്ത് വർദ്ധിപ്പിക്കൽ | III - IV | | | |
| | → ഡ്രമാറ്റൈസേഷൻ | I - IV | | | |
| അറബി ഭാഷാ എഴുത്തിന്റെ പരിപോഷണം | → അക്ഷരങ്ങൾ ഉറപ്പിക്കൽ | III - IV | ജൂൺ - മാർച്ച് | | |
| | → പദങ്ങൾ ഉറപ്പിക്കൽ | | | | |
| | → ചിഹ്നങ്ങൾ ഉറപ്പിക്കൽ | I - II | ജൂൺ - മാർച്ച് | | |
| | → കൂട്ടി എഴുത്ത് | | | | |
| | → അക്ഷര കാർഡ് നിർമ്മാണം | I - III | ജൂൺ - മാർച്ച് | അധ്യാപകർ | അധ്യാപകർ PTA |
| | → കൈയ്യെഴുത്ത് മാസിക | I - II | ജൂൺ - മാർച്ച് | | |
| | → ചുമർ പത്രിക നിർമ്മാണം | I - II | ഡിസംബർ - സെപ്തംബർ | | |
| | → ചാർട്ടെഴുത്ത് | | | | |
| | → ചിത്രകഥ നിർമ്മിക്കൽ | III - IV | ഒക്ടോബർ - ഫെബ്രുവരി | | |

# സങ്കുലിത വിദ്യാഭ്യാസം

I am not disabled but I am differently abled

## ലക്ഷ്യങ്ങൾ

* ഭിന്നശേഷിക്കാരെ തുല്യതയോടെ കാണുന്നു.
* സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നു.
* സമൂഹത്തിന്റെ അവിഭാജ്യഘടകമാണെന്ന ബോധ്യം നിലനിർത്തുന്നു.
* പ്രതിസന്ധികൾ മറികടക്കാനുള്ള ആർജ്ജവത്വം, ആത്മവിശ്വാസം നൽകുന്നു.
* ആത്മാഭിമാനം വളർത്തുന്നു.

## പ്രവർത്തനങ്ങൾ

* പിന്തുണാബുക്ക്
* ടീച്ചർ ടെക്സ്റ്റ്, പാഠപുസ്തകം തുടങ്ങിയവയിലെ ആശയങ്ങൾ മനസ്സിലാക്കാനുതകുന്ന തരത്തിൽ ലഘൂകരിച്ച് നൽകുന്നു.
* ഭിന്നശേഷിക്കാരുടെ നിലവാരത്തിനുയോജിച്ച അനുരൂപീകരണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നൽകുന്നു. (ചിത്രവായന, കഥപറയൽ etc.)
* സ്കൂൾ അസംബ്ലിയിൽ പങ്കാളിത്തം ഉറപ്പാക്കുന്നു.
* സാമൂഹ്യ പ്രവർത്തനത്തിൽ പങ്കാളിയാകുന്നു.